# ALL INDIA RADIO, THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 29.08.2024** | പ്രധാന വാർത്തകൾ | **TIME : 12.50 PM**

1. കായിക മേഖലയുടെ ശാക്തീകരണത്തിന് കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഹോക്കി ഇതിഹാസം ധ്യാൻചന്ദിന് ദേശീയ കായിക ദിനത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് പ്രധാനമന്ത്രി.

   **Prime Minister Narendra Modi said, the government is committed to support sports. PM pays homage to legendary Indian hockey player Major Dhyan Chand.**

2. രണ്ട് ദിവസത്തെ സന്ദർശനത്തിനായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ് ഇന്ന് തിരുവനന്തപുരത്ത് എത്തും.

   **Defence Minister Rajnath Singh is scheduled for a two day visit to Thiruvananthapuram, Kerala**

3. ജമ്മു കശ്മീരിൽ രണ്ടാം ഘട്ട നിയമസഭ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചു. 26 മണ്ഡലങ്ങളിലേക്ക് വോട്ടെടുപ്പ് അടുത്തമാസം 25ന്.

   **The Election Commission of India has issued notification for second phase of the Assembly Elections in Jammu and Kashmir. Polling will be held on 25th of September.**

4. വയനാട് ഉരുൾപൊട്ടൽ ദുരിതബാധിതരുടെ പുനരധിവാസം ചർച്ച ചെയ്യാൻ ഇന്ന് സർവകക്ഷിയോഗം.

   **An all-party meeting today to discuss the rehabilitation of Wayanad landslide victims.**

5. പാരിസ് പാരാലിമ്പിക്സിൽ മെഡൽ പ്രതീക്ഷയുമായി ഇന്ത്യൻ താരങ്ങൾ ഇന്നിറങ്ങും. യുഎസ് ഓപ്പണിൽ നോവാക്ക് ജോക്കോവിച്ച് മൂന്നാം റൗണ്ടിൽ കടന്നു.

**In Paris Paralympics Indian athletes will start their games today. In the US open, Novak Djokovic has advanced to the third round.**

&&&&&&&&&&&&&&&&

## HEADLINE – 1

## PM- SPORTS DAY

കായിക മേഖലയുടെ ശാക്തീകരണത്തിന് കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കായിക മേഖലയെ പിന്തുണയ്ക്കുമെന്നും കൂടുതൽ യുവാക്കൾ കായിക രംഗത്തേക്ക് കടന്നുവരുന്നത് ഉറപ്പാക്കുമെന്നും അദ്ദേഹം പറഞ്ഞു. ദേശീയ കായിക ദിനത്തോടനുബന്ധിച്ച് രാജ്യത്തെ ജനങ്ങൾക്ക് ആശംസകൾ നേർന്ന പ്രധാനമന്ത്രി, ഹോക്കി ഇതിഹാസം മേജർ ധ്യാൻ ചന്ദിന് ശ്രദ്ധാഞ്ജലി അർപ്പിച്ചു.

******************************************

## NATIONAL SPORTS DAY

ഇന്ത്യൻ ഹോക്കി ഇതിഹാസം മേജർ ധ്യാൻചന്ദിന്റെ ജന്മദിനമായ ഇന്ന്, ദേശീയ കായിക ദിനമായി ആചരിക്കുന്നു. കായിക മേഖലയുടെ പ്രാധാന്യത്തെപ്പറ്റി ജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം. രാജ്യത്തുടനീളം കായിക രംഗത്തിന്റെ പ്രോത്സാഹനത്തിനായി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

******************************************

## HEADLINE – 2

## RAJNATH SINGH

വിശാഖപട്ടണത്തെ കിഴക്കൻ നാവിക കമാൻഡ് രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിങ് ഇന്ന് സന്ദർശിക്കും. ഉച്ചയോടെ വിശാഖപട്ടണം വിമാനത്താവളത്തിലെത്തുന്ന കേന്ദ്രമന്ത്രി നാവിക ആസ്ഥാനത്ത് നടക്കുന്ന പരിപാടിയിൽ പങ്കെടുക്കും. ഇന്ന് വൈകുന്നേരം തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ എത്തുന്ന രാജ്യരക്ഷാമന്ത്രി നാളെ രാവിലെ നഗരത്തിലെ സ്വകാര്യ ഹോട്ടലിൽ നടക്കുന്ന 'ചെയ്ഞ്ച് മേക്കേഴ്സ്' കോൺക്ലേവിൽ പങ്കെടുക്കും.

******************************************

## WAGE REVISED SONOWAL

പ്രധാന തുറമുഖങ്ങളിലെ തൊഴിലാളികളുടെ വേതന ഘടന, പെൻഷൻ ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള മറ്റ് സേവന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതിന് അംഗീകാരം നൽകിയതായി കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ. ഇതിനായി വേജ് നെഗോസിയേഷൻ കമ്മിറ്റിയും ഇന്ത്യൻ പോർട്ട് അസോസിയേഷനും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചു. തുറമുഖ തൊഴിലാളികൾക്ക് നീതിയുക്തമായ പരിഗണന ഉറപ്പാക്കുന്നതിൽ സുപ്രധാനമായ ചുവടുവെപ്പാണ് ഇതെന്ന് ശ്രീ സോനോവാൾ പറഞ്ഞു.

******************************************

## PM-PRAGATI INTERACTION

സജീവമായ ഭരണ നിർവഹണത്തിനും സമയോചിതമായ ഇടപെടലിനുമായുള്ള കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവര സാങ്കേതിക വിദ്യ അധിഷ്ഠിത പദ്ധതി 'പ്രഗതി'യുടെ 44-ാം യോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അധ്യക്ഷത വഹിച്ചു. മൂന്നാം നരേന്ദ്ര മോദി സർക്കാരിന്റെ കാലയളവിലെ ആദ്യ പ്രഗതി യോഗം ആയിരുന്നു ഇത്. 76,500 കോടിയിലധികം ചെലവ് വരുന്ന രണ്ട് റോഡ്

ഗതാഗത പദ്ധതികൾ, രണ്ട് റെയിൽ പദ്ധതികൾ, കൽക്കരി, ഊർജം, ജലവിഭവ മേഖലകളിലെ ഓരോ പദ്ധതികൾ എന്നിവ യോഗത്തിൽ അവലോകനം ചെയ്തു.

*****************************************

## CHAMPAI SOREN - RESIGNATION

മുൻ ഝാർഖണ്ഡ് മുഖ്യമന്ത്രി ചമ്പയ് സൊറേൻ, ഹേമന്ത് സൊറേൻ മന്ത്രിസഭയിൽ നിന്നും രാജിവച്ചു. ഝാർഖണ്ഡിലെ ഉന്നത വിദ്യാഭ്യാസ, സാങ്കേതിക വിദ്യാഭ്യാസ, ജലവിഭവ വകുപ്പ് മന്ത്രിയായിരുന്നു ശ്രീ ചമ്പയ് സൊറേൻ. ഝാർഖണ്ഡ് മുക്തി മോർച്ചയുടെ എല്ലാ പദവികളും അദ്ദേഹം ഒഴിഞ്ഞു. പാർട്ടിയുടെ പ്രവർത്തന ശൈലിയും നയങ്ങളുമാണ് തന്നെ പാർട്ടി വിടാൻ പ്രേരിപ്പിച്ചതെന്ന്, ശ്രീ. ചമ്പയ് സൊറേൻ ജെഎംഎം പ്രസിഡൻറ് ഷിബു സൊറേന് അയച്ച കത്തിൽ പറയുന്നു.

*****************************************

## MAHA : CMO

ഛത്രപതി ശിവജി മഹാരാജിൻറെ പ്രതിമ തകർന്ന സംഭവത്തിൽ അന്വേഷണത്തിന് സംയുക്ത സാങ്കേതിക സമിതിയെ നിയോഗിക്കാൻ തീരുമാനിച്ചതായി മഹാരാഷ്ട്ര മുഖ്യമന്ത്രി ഏക് നാഥ് ഷിൻഡെ. സിവിൽ എൻജിനീയർമാർ, വിദഗ്ധർ, ഐഐടി പ്രതിനിധികൾ, നാവിക സേന ഉദ്യോഗസ്ഥർ എന്നിവർ സംഘത്തിലുണ്ടാകുമെന്ന് മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചു.

*****************************************

## **HEADLINE – 3**
## **J&K-ELECTION (INTRO)**

ജമ്മു കശ്മീരിൽ രണ്ടാം ഘട്ട നിയമസഭ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചു. ആദ്യ ഘട്ട തിരഞ്ഞെടുപ്പിലെ നാമനിർദേശ പത്രികകളുടെ സൂക്ഷമ പരിശോധന പൂർത്തിയായി.

**വിശദാംശങ്ങളിലേക്ക് .......**

(വോയിസ്)

*ശ്രീനഗർ, രജൗരി, പൂഞ്ച് ഉൾപ്പെടെ 26 നിയമസഭ മണ്ഡലങ്ങളിലാണ് രണ്ടാം ഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കുന്നത്. അടുത്തമാസം 5 വരെ നാമനിർദേശ പത്രിക സമർപ്പിക്കാം. സെപ്റ്റംബർ 6 ന് പത്രികകളുടെ സൂക്ഷ്മ പരിശോധന നടക്കും. അടുത്ത മാസം 9 ആണ് പത്രിക പിൻവലിക്കാനുള്ള അവസാന ദിവസം. രണ്ടാം ഘട്ട വോട്ടെടുപ്പ് 25ന് നടക്കും. അതെസമയം, ഒന്നാം ഘട്ട തിരഞ്ഞെടുപ്പിലെ നാമനിർദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്നലെ പൂർത്തിയായി. ആകെ 279 സ്ഥാനാർത്ഥികൾ നാമനിർദേശ പത്രികകൾ സമർപ്പിച്ചു. ഇതിൽ 35 പത്രികകൾ തള്ളി. കശ്മീർ താഴ്വരയിൽ 23 ഉം ജമ്മു ഡിവിഷനിൽ 12 ഉം പത്രികകൾ വീതം തള്ളി. ശേഷിക്കുന്നത് 244 നാമനിർദേശ പത്രികകളാണ്. തിരഞ്ഞെടുപ്പ് വിജ്ഞാപന പ്രകാരം സ്ഥാനാർത്ഥികൾക്ക് നാളെ വൈകിട്ട് 3 മണി വരെ പത്രിക പിൻവലിക്കാൻ സമയമുണ്ട്. അടുത്ത മാസം 18 നാണ് 24 നിയമസഭ മണ്ഡലങ്ങളിലേക്കുള്ള ആദ്യ ഘട്ട വോട്ടെടുപ്പ്. ജമ്മു കശ്മീരിൽ അതിർത്തി പുനസംഘടനയ്ക്ക് ശേഷം നിയമസഭ മണ്ഡലങ്ങളുടെ എണ്ണം 83 ൽ നിന്ന് 90 ആയി വർദ്ധിച്ചു. മൂന്ന് ഘട്ടങ്ങളിലായ് നടക്കുന്ന തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ ഒക്ടോബർ നാലിന് നടക്കും.*

****************************************

## HEADLINE – 4
## ALL PARTY MEETING

കേരളത്തിലെ വയനാട് ഉരുൾപൊട്ടൽ ദുരിതബാധിതരുടെ പുനരധിവാസം ചർച്ച ചെയ്യാൻ ഇന്ന് സർവകക്ഷിയോഗം ചേരും. മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ ഓൺലൈനായി വൈകുന്നേരമാണ് യോഗം. സർവ്വകക്ഷി യോഗത്തിന് ശേഷം പുനഃരധിവാസ-പുനർനിർമ്മാണ പാക്കേജിന് അന്തിമരൂപമാകും.

****************************************

## NIYAMASABHA SAMITHI- VISIT

നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി കോഴിക്കോട് വിലങ്ങാട്ടെ ഉരുൾപൊട്ടൽ ബാധിത മേഖല സന്ദർശനം തുടങ്ങി. ഉച്ചക്ക് നാദാപുരം റസ്റ്റ് ഹൗസിൽ യോഗം ചേരും. ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങൾ സന്ദർശിച്ച്, മേഖലയിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് വിവിധ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സമിതി വിവരശേഖരണം നടത്തും.

****************************************

## HEADLINE – 5
## PARALYMPICS

പാരലിമ്പിക് ഗെയിംസിൽ ഇന്ന് ബാഡ്മിന്റൺ മിക്സഡ് ഡബിൾസ്, പുരുഷ- വനിതാ സിംഗിൾസ്, തായ്ക്വോണ്ടോ, സൈക്ലിങ്, അമ്പെയ്ത്ത് മത്സരങ്ങൾ നടക്കും. അമ്പെയ്ത്തിൽ വനിതകളുടെ വ്യക്തിഗത കോമ്പൗണ്ട് ഇനത്തിൽ

ഇന്ത്യയുടെ മെഡൽ പ്രതീക്ഷയായ ശീതൾ ദേവിയും സരിതാ കുമാരിയും മത്സരിക്കും. ഗെയിംസിൻ്റെ ഔദ്യോഗിക ഉദ്ഘാടനം ഫ്രഞ്ച് പ്രസിഡൻ്റ് ഇമ്മാനുവൽ മാക്രോ ഇന്നലെ നിർവഹിച്ചു. ജാവലിൻ ത്രോ താരം സുമിത് അന്തിലും ടേബിൾ ടെന്നീസ് താരം ഭാഗ്യശ്രീ ജാദവുമാണ് ഇന്ത്യൻ സംഘത്തെ നയിച്ചത്.

****************************************

## PARALYMPICS PM

പാരീസ് പാരാലിമ്പിക്സിൽ പങ്കെടുക്കുന്ന ഇന്ത്യൻ സംഘത്തിന് 140 കോടി ജനങ്ങൾ ആശംസകൾ നേരുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ഓരോ കായികതാരത്തിൻ്റെയും ധൈര്യവും നിശ്ചയദാർഢ്യവും രാജ്യത്തിനാകെ പ്രചോദനമാണെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമ പോസ്റ്റിൽ കുറിച്ചു.

****************************************

## HEADLINE – 5A
## REV. US OPEN NOVAK DJOKOVIC

യുഎസ് ഓപ്പൺ ടെന്നിസിൽ നോവാക്ക് ജോക്കോവിച്ച് മൂന്നാം റൗണ്ടിലേക്ക് പ്രവേശിച്ചു. സെർബിയൻ താരം ലസ്ലോ ജേറെ മൂന്നാം സെറ്റിൽ നിന്ന് പിൻവാങ്ങിയതോടെയാണ് നൊവാക്ക് അടുത്ത റൗണ്ടിലേക്ക് കടന്നത്. മൂന്നാം റൗണ്ടിൽ ഓസ്ട്രേലിയൻ താരത്തോടാണ് നൊവാക്ക് മത്സരിക്കുക.

****************************************

## IMA-SUSPENSION

കൊൽക്കത്ത ആർ ജി കർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ മുൻ പ്രിൻസിപ്പൽ ഡോ. സന്ദീപ്

ഘോഷിന്റെ അംഗത്വം ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ സസ്പെൻഡ് ചെയ്തു. വനിതാ ഡോക്ടറുടെ കൊലപാതകവുമായി ബന്ധപ്പെട്ടാണ് നടപടി. IMA കൊൽക്കത്ത ശാഖയുടെ വൈസ് പ്രസിഡന്റായിരുന്നു ഡോ.സന്ദീപ് ഘോഷ്.

****************************************

## UPSC- AADHAR

യു പി എസ് സി പരീക്ഷകളിൽ ആധാർ അധിഷ്ഠിത പരിശോധന ഏർപ്പെടുത്താൻ അനുവാദം നൽകി കേന്ദ്ര സർക്കാർ. രജിസ്ട്രേഷൻ സമയം മുതൽ പരീക്ഷയുടെ വിവിധ ഘട്ടങ്ങളിലും നിയമന സമയത്തും ആധാർ അധിഷ്ഠിത പരിശോധന നടത്താം എന്നും സർക്കാർ അറിയിച്ചു. സിവിൽ സർവീസ് പരീക്ഷയ്ക്കിടെ തിരിച്ചറിയൽ രേഖകളിൽ കൃത്രിമം കാണിച്ചെന്ന കണ്ടെത്തലിനെ തുടർന്ന് പൂജ ഖേഡ്കറുടെ ഐഎഎസ് പദവി റദ്ദാക്കുകയും പരീക്ഷകളിൽ നിന്നും ആജീവനാന്തം വിലക്കേ ഏർപ്പെടുത്തുകയും ചെയ്തിരുന്നു. ഇതിന്റെ പശ്ചാത്തലത്തിലാണ് നടപടി.

****************************************

## JAYASURYA-CASE

ലൈംഗികാതിക്രമ പരാതിയിൽ നടൻ ജയസൂര്യക്കെതിരെ പൊലീസ് കേസെടുത്തു. തിരുവനന്തപുരം കൻറോൺമെന്റ് പൊലീസ് ജാമ്യമില്ലാ വകുപ്പുകൾ പ്രകാരമാണ് കേസെടുത്തത്. സെക്രട്ടേറിയറ്റിലെ സിനിമ ചിത്രീകരണത്തിനിടെ ലൈംഗികമായി അതിക്രമം നടത്തിയെന്നാണ് പരാതി.

****************************************

## BINOY VISWAM

ഹേമ കമ്മറ്റി റിപ്പോർട്ടിനെ തുടർന്നുണ്ടായ സാഹചര്യത്തെ സംബന്ധിച്ച് സി.പി.ഐ അടിയന്തിര എക്സിക്യൂട്ടീവ് യോഗത്തിന് ശേഷം തീരുമാനിക്കുമെന്ന് സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം. ഈ വിഷയത്തിൽ സർക്കാർ നടപടികൾ ശരിയായ ദിശയിലാണെന്നും അദ്ദേഹം പ്രതികരിച്ചു. ഇതേ ആരോപണങ്ങൾ മുൻപ് ചില കോൺഗ്രസ് എംഎൽഎമാർക്കെതിരെ ഉയർന്നപ്പോൾ രാജി ഉണ്ടായില്ലെന്ന് മുകേഷ് എം.എൽ.എ-യുടെ രാജിയെ സംബന്ധിച്ച ചോദ്യത്തിന് ശ്രീ ബിനോയ് വിശ്വം മറുപടി നൽകി.

****************************************

## WAYANAD-CHOLERA

വയനാട്ടിൽ നൂൽപ്പുഴയ്ക്ക് പുറമെ നെൻമേനിയിലും കോളറ സ്ഥിരീകരിച്ചു. ചീരാൽ മുരിക്കിലാടി ഊരിലെ യുവാവിനാണ് രോഗം സ്ഥിരീകരിച്ചത്. മറ്റൊരാൾ രോഗലക്ഷണങ്ങളോടെ ചികിത്സയിലുണ്ട്. ഡി.എം.ഒ ഊര് സന്ദർശിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തി.

****************************************

## INDIA - LANKA : HYBRID POWER

ശ്രീലങ്കയുടെ വടക്കൻ ഭാഗങ്ങളിൽ നിർമ്മിക്കുന്ന ഹൈബ്രിഡ് ഊർജ്ജ പദ്ധതികൾക്കായി ഇന്ത്യ ആദ്യ ഗഡു കൈമാറി. ശ്രീലങ്കയിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ സന്തോഷ് ഝാ, ശ്രീലങ്കൻ ഉദ്യോഗസ്ഥർക്കാണ് തുക കൈമാറിയത്. 2022 മാർച്ചിൽ ഇന്ത്യയും ശ്രീലങ്കയും തമ്മിൽ ഒപ്പുവച്ച ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിലാണ് നടപടി. 11 ദശലക്ഷം യുഎസ്

ഡോളറിൻറെ പദ്ധതിയുടെ ചെലവ് ഇന്ത്യയാണ് പൂർണമായും വഹിക്കുന്നത്.

*****************************************

## JK - VDGs

ജമ്മുകശ്മീരിലെ രജൗരി ജില്ലയിൽ സുരക്ഷാ സേനയും ഭീകരരുമായി ഏറ്റുമുട്ടലുണ്ടായി. ഭീകരരുടെ സാന്നിധ്യമുണ്ടെന്ന രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ തിരച്ചിലിനിടെയായിരുന്നു ആക്രമണം. കൂടുതൽ സുരക്ഷാ ഉദ്യോഗസ്ഥരെ പ്രദേശത്ത് വിന്യസിച്ചിട്ടുണ്ട്. പൂഞ്ച് ജില്ലയിൽ സുരക്ഷാ പരിശോധനകൾക്കിടെ ഭീകരരുടെ താവളം സുരക്ഷാ ഉദ്യോഗസ്ഥർ തകർത്തു.

*****************************************

## GUJARAT RAIN

ഗുജറാത്തിൽ നാലാം ദിവസും മഴ ശക്തം. കഴിഞ്ഞ 24 മണിക്കൂറിൽ സൗരാഷ്ട്ര ജില്ലയിലെ പലയിടങ്ങളിലും ശക്തമായ മഴയാണ് ലഭിച്ചത്. മധ്യ ഗുജറാത്തിൽ മഴയ്ക്ക് നേരിയ ശമനമുണ്ടെങ്കിലും വഡോദരയിൽ പല ഇടങ്ങളും വെള്ളത്തിനടിയിലാണ്. ഈ പ്രദേശങ്ങളിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

*****************************************

## BIHAR FLOOD

ബിഹാറിൽ വെള്ളപ്പൊക്കം രൂക്ഷമായി തുടരുന്നു. ഗംഗ, ഗണ്ഡക്, കോസി, മഹാനന്ദ ഉൾപ്പെടെയുള്ള നദികൾ പല സ്ഥലങ്ങളിലും അപകടകരമായാണ് ഒഴുകുന്നത്. ഖഗാരിയ, ഭഗൽപൂർ, കതിഹാർ എന്നീ പ്രദേശങ്ങളിലും വെള്ളപ്പൊക്കം ബാധിച്ചിട്ടുണ്ട്.

*

********************

****************************************************************